237

ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# സ്പെഷ്യൽ കോടതി (ഓഹരിപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ആക്റ്റ്, 1992

**(1992-ലെ 27-ാം ആക്റ്റ്)**

(2003 മാർച്ച് 10-ാം തീയതി നിലവിലിരുന്ന പ്രകാരം)

# SPECIAL COURT (TRIAL OF OFFENCES RELATING TO TRANSACTIONS IN SECURITIES) ACT, 1992

**(ACT 27 OF 1992)**

**(As on 10th March 2003)**

വില: രൂപ 15.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2006

## ആമുഖം

2003 മാർച്ച് 10-ാം തീയതി നിലവിലിരിക്കുന്ന പ്രകാരമുള്ള സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ആക്റ്റ്, 1992 (1992-ലെ 50-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലായ് 14-ാം തീയതിയിലെ കേന്ദ്ര ഗസറ്റ് അസാധാരണം XI-ാം ഭാഗം 1-ാം വകുപ്പ് 3-ാം വാല്യം 1-ാം നമ്പരായി 23 മുതൽ 29 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. സുഭാഷ് സി. ജയിൻ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Special Court (Trial of offences Relating to Transactions in Securities) Act, 1992 (Act 27 of 1992) as on 10th March, 2003 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I. Vol. 3. No. I dated 14th July 2003 on pages 23 to 29.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Text (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. SUBHASH C. JAIN,
*Secretary to the Government of India.*

3/2337/03

# സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ആക്റ്റ്, 1992

## (1992-ലെ 27-ാം നമ്പർ ആക്റ്റ്)

### വകുപ്പുകളുടെ വിന്യാസം

പേജ്


| | | |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും .. | 1 |
| 2. | നിർവ്വചനങ്ങൾ .. | 1 |
| 3. | സൂക്ഷിപ്പുകാരന്റെ നിയമനവും ചുമതലകളും .. | 1 |
| 4. | വ്യാജമായി ഉണ്ടാക്കിയ കോൺട്രാക്റ്റുകൾ റദ്ദാക്കാവുന്നതാണെന്ന് .. | 2 |
| 5. | സ്പെഷ്യൽ കോടതി സ്ഥാപിക്കൽ .. | 2 |
| 5ക. | സ്പെഷ്യൽ കോടതിയിലെ ജഡ്ജിമാർക്കിടയിൽ കേസുകൾ വീതിക്കൽ .. | 3 |
| 6. | സ്പെഷ്യൽ കോടതി കേസുകൾ പരിഗണനയ്ക്കെടുക്കൽ .. | 3 |
| 7. | സ്പെഷ്യൽ കോടതിയുടെ അധികാരിത .. | 3 |
| 8. | സംയുക്ത വിചാരണ സംബന്ധിച്ച സ്പെഷ്യൽ കോടതിയുടെ അധികാരിത .. | 3 |
| 9. | സ്പെഷ്യൽ കോടതിയുടെ നടപടിക്രമവും അധികാരങ്ങളും .. | 4 |
| 9ക. | സിവിൽ സംഗതികളിൽ സ്പെഷ്യൽ കോടതിയുടെ അധികാരിതയും അധികാരങ്ങളും അധികാരശക്തിയും നടപടിക്രമവും .. | 4 |
| 9ഖ. | മാദ്ധ്യസ്ഥ്യ സംഗതികളിൽ സ്പെഷ്യൽ കോടതിയുടെ അധികാരങ്ങൾ .. | 5 |
| 10. | അപ്പീൽ .. | 5 |
| 11. | ബാദ്ധ്യതകൾ നിവർത്തിക്കൽ .. | 6 |
| 11ക. | അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അധികാരം .. | 6 |
| 12. | ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം .. | 6 |
| 13. | ആക്റ്റിന് അധിപ്രഭാവമുണ്ടെന്ന് .. | 6 |
| 14. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .. | 7 |
| 15. | റദ്ദാക്കലും ഒഴിവാക്കലും .. | 7 |

# സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ആക്റ്റ്, 1992

## (1992-ലെ 27-ാം നമ്പർ ആക്റ്റ്)

[1994 മാർച്ച്, 28]

ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് ഒരു സ്പെഷ്യൽ കോടതി സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിമൂന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. **ചുരുക്കപ്പേരും പ്രാരംഭവും.**—(1) ഈ ആക്റ്റിന് സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ആക്റ്റ്, 1992 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് 1992 ജൂൺ 6-ാം തീയതി നിലവിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. **നിർവ്വചനങ്ങൾ.**—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിയമസംഹിത" എന്നാൽ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2) എന്നർത്ഥമാകുന്നു ;

(ഖ) "സൂക്ഷിപ്പുകാരൻ" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സൂക്ഷിപ്പുകാരൻ എന്നർത്ഥമാക്കുന്നു.

(ഗ) ഈടുപത്രങ്ങളിൽ,—

(i) ഓഹരികൾ-രസീതുകളും, ബോണ്ടുകളും ഋണപത്രങ്ങളും ഋണപത്ര സ്റ്റോക്കുകളും, യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇൻഡ്യയുടെ അല്ലെങ്കിൽ മറ്റേതെങ്കിലും മ്യൂച്ചൽ ഫണ്ടിന്റെയോ യൂണിറ്റുകൾ അല്ലെങ്കിൽ ഏതെങ്കിലും ഏകാംഗീകൃത കമ്പനികളിലെയോ മറ്റു കമ്പനികളുടെയോ അല്ലെങ്കിൽ ഏകാംഗീകൃത നികായത്തിലെയോ ഏകാംഗീകൃത നികായത്തിന്റെയോ അതുപോലെ ഉള്ള വിറ്റഴിക്കാവുന്ന ഈടുപത്രങ്ങളും ;

(ii) സർക്കാർ സെക്യൂരിറ്റികളും ;

(iii) നിക്ഷേപങ്ങളിലുള്ള അവകാശങ്ങളും അല്ലെങ്കിൽ ആദായങ്ങളും ഉൾപ്പെടുന്നതാകുന്നു ;

(ഘ) "സ്പെഷ്യൽ കോടതി" എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിക്കപ്പെടുന്ന സ്പെഷ്യൽ കോടതി എന്നർത്ഥമാകുന്നു.

3. **സൂക്ഷിപ്പുകാരന്റെ നിയമനവും ചുമതലകളും.**—(1) കേന്ദ്ര സർക്കാരിന് ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒന്നോ അതിലധികമോ സൂക്ഷിപ്പുകാരെ നിയമിക്കാവുന്നതാണ്.

(2) സൂക്ഷിപ്പുകാരന്, 1991 ഏപ്രിൽ 1-ാം തീയതിക്ക് ശേഷവും 1992 ജൂൺ 6-ാം തീയതിയിലും അതിനു മുമ്പും ഏതെങ്കിലും ആൾ ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട ഏതെങ്കിലും കുറ്റത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ലഭിച്ച വിവരം ബോദ്ധ്യപ്പെടുന്നതിൻമേൽ ആ ആളുടെ പേര് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്.

(3) നിയമസംഹിതയിലും തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പുപ്രകാരമുള്ള വിജ്ഞാപന തീയതിയിലും തീയതി മുതൽക്കും ആ ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളുടേതായ സ്ഥാവരമോ ജംഗമമോ രണ്ടും കൂടിയോ ആയ ഏതു വസ്തുവും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനോടൊപ്പംതന്നെ ജപ്തി ചെയ്യപ്പെട്ടതായി തീരുന്നതാണ്.

3/2337/03

(4) (3)-ാം ഉപവകുപ്പു പ്രകാരം ജപ്തി ചെയ്യപ്പെട്ട വസ്തു സ്പെഷ്യൽ കോടതി നിർദ്ദേശിക്കുന്ന പ്രകാരം സൂക്ഷിപ്പുകാരൻ കൈകാര്യം ചെയ്യേണ്ടതാണ്.

(5) സൂക്ഷിപ്പുകാരന് ഈ വകുപ്പും 4-ാം വകുപ്പും പ്രകാരമുള്ള തന്റെ അധികാരങ്ങൾ പ്രയോഗിക്കുമ്പോഴും കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴും ഏതൊരാളുടെയും സഹായം സ്വീകരിക്കാവുന്നതാണ്.

4. **വ്യാജമായി ഉണ്ടാക്കിയ കോൺട്രാക്റ്റുകൾ റദ്ദാക്കാവുന്നതാണെന്ന്.**—(1) സൂക്ഷിപ്പുകാരന് അയാൾക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണത്തിനുശേഷം, 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ആളുടെ ഏതെങ്കിലും വസ്തു സംബന്ധിച്ച് 1991 ഏപ്രിൽ 1-ാം തീയതിക്ക് ശേഷവും 1992 ജൂൺ 6-നും അതിനു മുമ്പും എപ്പോഴെങ്കിലും ഉണ്ടാക്കിയ ഏത് കോൺട്രാക്റ്റോ കരാറോ വ്യാജമായോ ഈ ആക്റ്റിലെ വ്യവസ്ഥകൾ പരാജയപ്പെടുത്തുന്നതിനോ ഉണ്ടാക്കിയതാണെന്ന് ബോദ്ധ്യമായാൽ കോൺട്രാക്റ്റോ കരാറോ റദ്ദു ചെയ്യാവുന്നതും അങ്ങനെയുള്ള റദ്ദാക്കലിൻമേൽ ആ വസ്തു ഈ ആക്റ്റ് പ്രകാരം ജപ്തിചെയ്യപ്പെട്ടതായി തീരുന്നതുമാണ്;

എന്നാൽ, കോൺട്രാക്റ്റിലെയോ കരാറിലെയോ കക്ഷികൾക്ക് കേൾക്കപ്പെടുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷമല്ലാതെ യാതൊരു കോൺട്രാക്റ്റോ കരാറോ റദ്ദാക്കാൻ പാടുള്ളതല്ല.

(2) 3-ാം വകുപ്പോ 4-ാം വകുപ്പോ പ്രകാരം അയാൾക്ക് നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് സൂക്ഷിപ്പുകാരൻ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനമോ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നടത്തിയ റദ്ദാക്കലോ മറ്റേതെങ്കിലും ഉത്തരവോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള വിജ്ഞാപനമോ റദ്ദാക്കലോ ഉത്തരവോ സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ബിൽ, 1992-ന് രാഷ്ട്രപതിയുടെ അനുമതി കിട്ടുന്നതിനു മുമ്പ് പുറപ്പെടുവിച്ച സംഗതിയിൽ സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണചെയ്യൽ) ബിൽ, 1992-ന് രാഷ്ട്രപതിയുടെ അനുമതിയുടെ മുപ്പതു ദിവസത്തിനുള്ളിലും, അങ്ങനെയുള്ള വിജ്ഞാപനമോ റദ്ദാക്കലോ ഉത്തരവോ ആ തീയതിയിലോ അതിനുശേഷമോ പുറപ്പെടുവിച്ച സംഗതിയിൽ അങ്ങനെയുള്ള വിജ്ഞാപനമോ റദ്ദാക്കലോ ഉത്തരവോ പുറപ്പെടുവിച്ച തീയതി മുതൽ മുപ്പതുദിവസത്തിനുള്ളിലും, അതത് സംഗതിപോലെ, അതിനെതിരായി സ്പെഷ്യൽ കോടതി മുമ്പാകെ പരാതി നൽകാവുന്നതും സ്പെഷ്യൽ കോടതി കക്ഷികളെ കേട്ടതിനുശേഷം അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആകുന്നു.

5. **സ്പെഷ്യൽ കോടതി സ്ഥാപിക്കൽ.**—(1) കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, സ്പെഷ്യൽ കോടതി എന്ന് പേർ പറയാവുന്ന കോടതി സ്ഥാപിക്കേണ്ടതാണ്.

(2) ഏതൊരു ഹൈക്കോടതിയുടെ അധികാരിതയുള്ള തദ്ദേശാതിർത്തിക്കുള്ളിലാണോ സ്പെഷ്യൽ കോടതി സ്ഥിതിചെയ്യുന്നത്, ആ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് ഭാരതത്തിന്റെ ചീഫ് ജസ്റ്റീസിന്റെ സമ്മതത്തോടുകൂടി നാമനിർദ്ദേശം ചെയ്യുന്ന ഹൈക്കോടതിയിലെ [1][ഒന്നോ അതിലധികമോ സിറ്റിംഗ് ജഡ്ജിമാർ] സ്പെഷ്യൽ കോടതിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

[2][(3) സ്പെഷ്യൽ കോടതിയിലെ [3][ ഒരു] ജഡ്ജിയുടെ ഉദ്യോഗം അസാന്നിദ്ധ്യമോ അവധിയോമൂലം ഒഴിവായിരിക്കുമ്പോൾ, ഔദ്യോഗിക കർത്തവ്യങ്ങൾ, ഏതൊരു ഹൈക്കോടതിയുടെ അധികാരിതയുള്ള തദ്ദേശാതിർത്തിക്കുള്ളിലാണോ സ്പെഷ്യൽ കോടതി സ്ഥിതിചെയ്യുന്നത് ആ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് ഭാരതത്തിന്റെ ചീഫ് ജസ്റ്റീസിന്റെ അനുമതിയോടുകൂടി ആ ആവശ്യത്തിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്ന അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജി നിർവ്വഹിക്കേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന ജഡ്ജിക്ക് അന്തിമ ഉത്തരവുകൾ പാസ്സാക്കുന്നതിനുള്ള അധികാരങ്ങൾ ഉൾപ്പെടെ സ്പെഷ്യൽ കോടതിയിലെ [3][ ഒരു] ജഡ്ജിയുടെ എല്ലാ അധികാരങ്ങളും അധികാരിതയും ഉണ്ടായിരിക്കുന്നതാണ്.]

---

1. 1997-ലെ 6-ാം ആക്റ്റ്, 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം ഒരു സിറ്റിംഗ് ജഡ്ജി എന്നതിനു പകരം ചേർത്തത്.
2. 1994-ലെ 24-ം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. 1997-ലെ 6-ാം ആക്റ്റ്, 2-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം ചേർത്തത്.

[1][5ക. **സ്പെഷ്യൽ കോടതിയിലെ ജഡ്ജിമാർക്കിടയിൽ കേസുകൾ വീതിക്കൽ.**—സ്പെഷ്യൽ കോടതിയിൽ രണ്ടോ അതിൽ കൂടുതലോ ജഡ്ജിമാർ ഉൾക്കൊള്ളുമ്പോൾ സ്പെഷ്യൽ കോടതി സ്ഥിതിചെയ്യുന്ന തദ്ദേശാതിർത്തിക്കുള്ളിലെ അധികാരിതയുള്ള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസ് കാലാകാലങ്ങളിൽ പൊതുവായതോ പ്രത്യേക മായതോ ആയ ഉത്തരവുവഴി ജഡ്ജിമാർക്കിടയിൽ കേസുകൾ വീതിക്കുന്നതു സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും അങ്ങനെയുള്ള ഓരോ ജഡ്ജിയും കൈകാര്യം ചെയ്യേണ്ട സംഗതികൾ പ്രത്യേകം പറയാവുന്നതുമാണ്.]

6. **സ്പെഷ്യൽ കോടതി കേസുകൾ പരിഗണനയ്ക്കെടുക്കൽ.**—ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്പെഷ്യൽ കോടതി അതിനു മുൻപാകെ ബോധിപ്പിച്ചതോ മാറ്റം ചെയ്യപ്പെട്ടതോ ആയ കേസ്സുകൾ പരിഗണനയ്ക്കെടുക്കുകയോ വിചാരണയ്ക്കെടുക്കുകയോ ചെയ്യേണ്ടതാണ്.

7. **സ്പെഷ്യൽ കോടതിയുടെ അധികാരിത.**—മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും കുറ്റം സംബന്ധിച്ച എന്തെങ്കിലും പ്രോസിക്യൂഷൻ സ്പെഷ്യൽ കോടതിയിൽ മാത്രം ബോധിപ്പിക്കേണ്ടതും ഏതെങ്കിലും കോടതിയിൽ നിലനിൽക്കുന്ന അങ്ങനെയുള്ള കുറ്റം സംബന്ധിച്ച് ഏതെങ്കിലും പ്രോസിക്യൂഷൻ സ്പെഷ്യൽ കോടതിയിലേക്ക് മാറ്റപ്പെട്ടതായിത്തീരുന്നതുമാണ്.

8. **സംയുക്ത വിചാരണ സംബന്ധിച്ച് സ്പെഷ്യൽ കോടതിയുടെ അധികാരിത.**—സ്പെഷ്യൽ കോടതിക്ക് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ച കുറ്റവുമായി ബന്ധപ്പെട്ട യാതൊരു വ്യക്തിയേയും പ്രധാന ഗൂഢാലോചനക്കാരനെയോ അല്ലെങ്കിൽ പ്രേരകനേയോ വിചാരണ ചെയ്യുന്നതിന് അധികാരിത ഉള്ളതും നിയമസംഹിതപ്രകാരം ഒറ്റ വിചാരണയിൽ മറ്റെല്ലാ കുറ്റങ്ങളെയും കുറ്റക്കാരായ വ്യക്തികളെയും സംയുക്ത വിചാരണ ചെയ്യാവുന്നതുമാണ്.

9. **സ്പെഷ്യൽ കോടതിയുടെ നടപടിക്രമവും അധികാരങ്ങളും.**—(1) സ്പെഷ്യൽ കോടതി, അങ്ങനെയുള്ള കേസ്സുകളുടെ വിചാരണയിൽ മജിസ്ട്രേറ്റ് മുൻപാകെ വാറന്റ് കേസ്സുകൾ വിചാരണ ചെയ്യുന്നതിനു നിയമസംഹിതയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം പിൻതുടരേണ്ടതാണ്.

(2) ഈ ആക്റ്റിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, നിയമസംഹിതയിലെ വ്യവസ്ഥകൾ, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തിടത്തോളം, സ്പെഷ്യൽ കോടതി മുൻപാകെയുള്ള നടപടികൾക്ക് ബാധകമാകുന്നതും നിയമസംഹിതയിലെ മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്കായി, സ്പെഷ്യൽ കോടതി ഒരു സെഷൻസ് കോടതിയായി കരുതപ്പെടേണ്ടതും ഒരു സെഷൻസ് കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും സ്പെഷ്യൽ കോടതി മുൻപാകെ പ്രോസിക്യൂഷൻ നടത്തുന്ന ആൾ ഒരു പബ്ലിക് പ്രോസിക്യൂട്ടർ ആയി കരുതപ്പെടേണ്ടതും ആകുന്നു.

(3) സ്പെഷ്യൽ കോടതി, അത് കുറ്റസ്ഥാപനം ചെയ്യപ്പെട്ട ആളുടെ മേൽ അങ്ങനെയുള്ള ആളെ ഏതു കുറ്റത്തിനാണോ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളത്, ആ കുറ്റത്തിന് നിയമം അധികാരപ്പെടുത്തിയ ശിക്ഷ വിധിക്കേണ്ടതാണ്.

(4) സ്പെഷ്യൽ കോടതിക്ക്, അതിനുമുൻപാകെ കൊണ്ടുവന്നിട്ടുള്ള മറ്റേതെങ്കിലും സംഗതി കൈകാര്യം ചെയ്യുമ്പോൾ സ്വാഭാവിക നീതിക്കു സംഗതമായ അതിനു യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നടപടിക്രമം സ്വീകരിക്കാവുന്നതാണ്.

---

1. 1997-ലെ 6-ാം ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

[1]19. ക. സിവിൽ സംഗതികളിൽ സ്പെഷ്യൽ കോടതിയുടെ അധികാരിതയും അധികാരങ്ങളും, അധികാരശക്തിയും നടപടിക്രമവും.—(1) സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ഭേദഗതി ആക്റ്റ്, 1994-ന്റെ പ്രാരംഭത്തിലും പ്രാരംഭം മുതൽക്കും :—

(ക) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം ജപ്തി ചെയ്യപ്പെട്ടതായി തീർന്നിരിക്കുന്ന ഏതെങ്കിലും വസ്തു സംബന്ധിച്ച്;

(ഖ) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഒരാൾ കക്ഷിയായോ ബ്രോക്കറായോ ഇടനിലക്കാരനായോ മറ്റേതെങ്കിലും വിധത്തിലോ ഉൾപ്പെട്ടിട്ടുള്ള 1991 ഏപ്രിൽ 1-ാം തീയതിക്കുശേഷവും, 1992 ജൂൺ 6-ാം തീയതിയിലോ അതിനുമുൻപോ ഏർപ്പെട്ടിട്ടുള്ള ഈടുപത്രങ്ങളിലുള്ള ഇടപാടുകളിൽ നിന്ന് ഉത്ഭവിക്കുന്നതോ ആയ;

ഏതെങ്കിലും സംഗതിയോ അവകാശവാദമോ സംബന്ധിച്ച് ഏതെങ്കിലും സിവിൽ കോടതിക്ക് അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുൻപ് പ്രായോഗിക്കാമായിരുന്ന അങ്ങനെയുള്ള അധികാരിതയും അധികാരങ്ങളും അധികാരശക്തിയും സ്പെഷ്യൽ കോടതിക്ക് പ്രയോഗിക്കാവുന്നതാണ്.

(2) സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ഭേദഗതി ആക്റ്റ്, 1994-ന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് ഏതെങ്കിലും കോടതി മുൻപാകെ നിലവിലിരുന്ന (അപ്പീലല്ലാത്ത) ഓരോ വ്യവഹാരമോ, അവകാശവാദമോ, മറ്റു നിയമ നടപടിയോ, അതിന് അടിസ്ഥാനമായ വ്യവഹാരകാരണം അങ്ങനെയുള്ള പ്രാരംഭത്തിനുശേഷമാണ് ഉത്ഭവിച്ചിരുന്നതെങ്കിൽ (1)-ാം ഉപവകുപ്പു പ്രകാരം സ്പെഷ്യൽ കോടതിയുടെ അധികാരിതയ്ക്കുള്ളിൽ വരുമായിരുന്ന ഒരു വ്യവഹാരമോ, അവകാശവാദമോ, നടപടിയോ, ആയിരിക്കെ, അങ്ങനെയുള്ള പ്രാരംഭത്തിൽ സ്പെഷ്യൽ കോടതിയിലേക്ക് മാറ്റപ്പെട്ടതായിത്തീരുന്നതും, സ്പെഷ്യൽ കോടതിക്ക് അങ്ങനെയുള്ള വ്യവഹാരത്തിന്റെയോ അവകാശവാദത്തിന്റെയോ മറ്റു നിയമ നടപടിയുടെയോ രേഖകൾ ലഭിക്കുന്നതിൻമേൽ കഴിയുന്നിടത്തോളം, ഒരു വ്യവഹാരത്തിന്റെയോ അവകാശ വാദത്തിന്റെയോ നിയമനടപടിയുടെയോ അതേ രീതിയിൽ അങ്ങനെയുള്ള മാറ്റത്തിനു മുൻപ്, എത്തിയിരുന്ന ഘട്ടത്തിൽനിന്നോ, ഏതെങ്കിലും മുൻഘട്ടത്തിൽനിന്നോ പുതിയതായോ സ്പെഷ്യൽ കോടതിക്ക് ഉചിതമെന്ന് തോന്നുന്നവിധം നടപടി തുടരാവുന്നതാണ്.

(3) സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണചെയ്യൽ) ഭേദഗതി ആക്റ്റ്, 1994-ന്റെ പ്രാരംഭത്തിലും പ്രാരംഭം മുതൽക്കും സ്പെഷ്യൽ കോടതിയല്ലാത്ത ഒരു കോടതിക്കും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയോ അവകാശവാദമോ സംബന്ധിച്ച് ഏതെങ്കിലും അധികാരിതയോ, അധികാരമോ, അധികാരശക്തിയോ ഉണ്ടായിരിക്കുന്നതോ പ്രയോഗിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതോ അല്ലാത്തതാകുന്നു.

(4) ഈ വകുപ്പു പ്രകാരമുള്ള ഏതെങ്കിലും സംഗതിയോ അവകാശവാദമോ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുമ്പോൾ, സ്പെഷ്യൽ കോടതിക്ക് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ ബാധകമാകുന്നതല്ലാത്തതും എന്നാൽ സ്വാഭാവികനീതി തത്വങ്ങളിൽ മാർഗ്ഗനിർദ്ദേശം ചെയ്യപ്പെടേണ്ടതും ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും ഏതെങ്കിലും ചട്ടങ്ങൾക്കും വിധേയമായി സ്പെഷ്യൽ കോടതിക്ക് അതിന്റേതായ നടപടിക്രമം ക്രമപ്പെടുത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതും ആണ്.

(5) ഈ ആക്റ്റുപ്രകാരം നൽകപ്പെട്ട മറ്റ് അധികാരങ്ങൾക്ക് ഭംഗംവരാതെ, സ്പെഷ്യൽ കോടതിയുടെ ഈ വകുപ്പുപ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

1. 1994-ലെ 24-ാം ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

(ക) ഏതെങ്കിലും ആളെ സമൺചെയ്യുന്നതും ഹാജരാക്കിക്കുന്നതും ശപഥത്തിൻമേൽ വിസ്തരിക്കുന്നതും;

(ഖ) രേഖകൾ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത്;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1) 123ഉം 124ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും ആഫീസിൽനിന്നും ഏതെങ്കിലും പൊതു റിക്കാർഡോ രേഖയോ അങ്ങനെയുള്ള റിക്കാർഡിന്റെയോ രേഖയുടേയോ പകർപ്പ് ആവശ്യപ്പെടുന്നത്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത്;

(ച) അതിന്റെ തീരുമാനങ്ങൾ റിവ്യൂ ചെയ്യുന്നത്;

(ഛ) ഒരു കേസ് വീഴ്ചമൂലം തള്ളിക്കളയുന്നത് അല്ലെങ്കിൽ എക്സ്പാർട്ടിയായി തീർപ്പുകൽപ്പിക്കുന്നത്;

(ജ) ഏതെങ്കിലും കേസ് വീഴ്ചമൂലം തള്ളിക്കളഞ്ഞ ഏതെങ്കിലും ഉത്തരവ് അല്ലെങ്കിൽ അത് എക്സ്പാർട്ടിയായി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് അസ്ഥിരപ്പെടുത്തുന്നത്;

(ഝ) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന മറ്റേതെങ്കിലും സംഗതി.

9. ഖ **മാദ്ധ്യസ്ഥ്യ സംഗതികളിൽ സ്പെഷ്യൽ കോടതിയുടെ അധികാരങ്ങൾ.**—(1) സ്പെഷ്യൽ കോടതിക്ക് 9 ക വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംഗതിയോ അവകാശവാദമോ സംബന്ധിച്ച ഒരു പരാമർശത്തിന്റെ വിഷയവസ്തു ആകുന്ന ഏതെങ്കിലും പ്രശ്നം തീരുമാനിക്കുന്നതിന് മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940 (1940-ലെ 10) പ്രകാരം ഒരു കോടതിക്ക് നൽകപ്പെട്ട അധികാരിതയും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(2) സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ഭേദഗതി ആക്റ്റ്, 1994-ന്റെ പ്രാരംഭ തീയതിക്ക് തൊട്ടുമുമ്പ്, 9ക വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഗതിയോ അവകാശവാദമോ സംബന്ധിച്ച് ഏതെങ്കിലും കോടതി മുമ്പാകെ നിലവിലിരുന്നതും മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940 (1940-ലെ 10) നാൽ അനുശാസിക്കപ്പെടുന്നതുമായ (അപ്പീലല്ലാത്ത) ഓരോ വ്യവഹാരവും അല്ലെങ്കിൽ മറ്റു നടപടിയും ആ തീയതിയിൽ സ്പെഷ്യൽ കോടതിയിലേക്ക് മാറ്റപ്പെട്ടതായി ത്തീരുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "കോടതി", "റഫറൻസ്" എന്നീ പദപ്രയോഗങ്ങൾക്ക് മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940 (1940-ലെ 10) 2-ാം വകുപ്പ് (ഗ)-യും (ങ)-യും ഖണ്ഡങ്ങളിൽ നിർവ്വചിച്ചിട്ടുള്ള അതേ അർത്ഥം യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.]

10. **അപ്പീൽ.**—(1) നിയമസംഹിത [1][അല്ലെങ്കിൽ സിവിൽ നടപടി നിയമസംഹിത 1908 (1908-ലെ 5) അല്ലെങ്കിൽ മാദ്ധ്യസ്ഥ്യം ആക്റ്റ്, 1940 (1940-ലെ 10)]-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും സ്പെഷ്യൽ കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽനിന്നോ [1][ഡിക്രി] യിൽ നിന്നോ ശിക്ഷാവിധിയിൽ നിന്നോ അല്ലെങ്കിൽ ഇടക്കാല ഉത്തരവ് അല്ലാതെയുള്ള ഉത്തരവിൽനിന്നോ വസ്തുതാപരവും നിയമപരവും ആയ കാര്യങ്ങൾ രണ്ടിലും സുപ്രീംകോടതിയിൽ അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(2) മുൻപറഞ്ഞപ്രകാരമൊഴികെ, സ്പെഷ്യൽ കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽനിന്നോ, ഡിക്രിയൽനിന്നോ ശിക്ഷാവിധിയിൽനിന്നോ അല്ലെങ്കിൽ ഉത്തരവിൽനിന്നോ യാതൊരു അപ്പീലോ റിവിഷനോ ഒരു കോടതിയിലും നിലനിൽക്കുന്നതല്ല.

(3) ഈ വകുപ്പുപ്രകാരമുള്ള ഓരോ അപ്പീലും സ്പെഷ്യൽ കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിന്റെയോ ശിക്ഷാവിധിയുടെയോ ഉത്തരവിന്റെയോ തീയതി മുതൽ മുപ്പതു ദിവസത്തെ കാലയളവിനുള്ളിൽ നൽകേണ്ടതാണ്:

1. 1994-ലെ 24-ാം ആക്റ്റ് 4-ാം വകുപ്പ് പ്രകാരം ചേർത്തത്.

എന്നാൽ സുപ്രീംകോടതിക്ക് മുപ്പതു ദിവസകാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കാൻ അപ്പീൽ വാദിക്ക് മതിയായ കാരണമുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം മേൽപറഞ്ഞ മുപ്പതു ദിവസത്തെ കാലയളവിനുശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

11. **ബാദ്ധ്യതകൾ നിവർത്തിക്കൽ.**—(1) നിമസംഹിതയിലോ തൽസമയം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സ്പെഷ്യൽകോടതി ജപ്തിയിൻ കീഴിലുള്ള വസ്തു കൈയൊഴിയുന്നതിന് സൂക്ഷിപ്പുകാരന് നിർദ്ദേശം നൽകുന്ന, അതിനുയുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) താഴെപ്പറയുന്ന പ്രകാരം ബാദ്ധ്യതകൾ കഴിയുന്നിടത്തോളം ചേർത്തിട്ടുള്ള ക്രമത്തിൽ കൊടുത്തുതീർക്കുകയോ പൂർണ്ണമായും തീർക്കുകയോ ചെയ്യേണ്ടതാണ്.

(ക) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സൂക്ഷിപ്പുകാരൻ വിജ്ഞാപനം ചെയ്ത വ്യക്തികളിൽ നിന്നും കേന്ദ്ര സർക്കാരിനോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ ചെല്ലേണ്ടതായ എല്ലാ റവന്യൂകളും നികുതികളും, സെസ്സുകളും, റേറ്റുകളും;

(ഖ) സൂക്ഷിപ്പുകാരൻ അപ്രകാരം വിജ്ഞാപനം ചെയ്ത വ്യക്തിയിൽ നിന്നും ഏതെങ്കിലും ബാങ്കിനോ ധനകാര്യ സ്ഥാപനത്തിനോ മ്യൂച്ചൽ ഫണ്ടിനോ ചെല്ലേണ്ടതായ എല്ലാ തുകകളും;

(ഗ) സ്പെഷ്യൽ കോടതി കാലാകാലങ്ങളിൽ പ്രത്യേകം പറയുന്ന മറ്റേതെങ്കിലും ബാദ്ധ്യത;

1 [11. ക **അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അധികാരം.**—സ്പെഷ്യൽ കോടതിക്ക്, അതിന്റെ അലക്ഷ്യം സംബന്ധിച്ച് ഹൈകോടതിക്കുള്ള അതേ അധികാരിതയും അധികാരങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുന്നതും പ്രയോഗിക്കാവുന്നതും, ഈ ആവശ്യത്തിനായി കോർട്ടലക്ഷ്യ ആക്റ്റ്, 1971 (1971-ലെ 70)-ലെ വ്യവസ്ഥകൾക്ക് താഴെപ്പറയുന്ന രൂപഭേദങ്ങൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതുമാണ്—

(ക) അതിലെ ഒരു ഹൈക്കോടതിയിലേക്കുള്ള റഫറൻസുകൾ അങ്ങനെയുള്ള സ്പെഷ്യൽ കോടതിയിലേക്ക് ഉൾപ്പെടെയുള്ള ഒരു റഫറൻസായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

(ഖ) പ്രസ്തുത ആക്റ്റിലെ 15-ാം വകുപ്പിലെ അഡ്വക്കേറ്റ് ജനറലിനുള്ള റഫറൻസുകൾ, സ്പെഷ്യൽ കോടതിയെ സംബന്ധിച്ച് അറ്റോർണി-ജനറലിനോ സോളിസിറ്റർ-ജനറലിനോ അഡീഷണൽ സോളിസിറ്റർ-ജനറലിനോ ഉള്ള ഒരു റഫറൻസായി അർത്ഥം കൽപ്പിക്കേണ്ടതാണ്.]

12. **ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.**—(1) ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്ര സർക്കാരിനോ സൂക്ഷിപ്പുകാരനോ എതിരായി യാതോരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും വഴി ഉണ്ടാകുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിനു കേന്ദ്രസർക്കാരിനോ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എതിരായ യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

13. **ആക്റ്റിന് അധിപ്രഭാവമുണ്ടെന്ന്.**—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് അസംഗതമായ തൽസമയം പ്രബാല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഈ ആക്റ്റല്ലാതെ ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

---

1. 1994-ലെ 24-ാം ആക്റ്റ്, 5-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

14. **ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.**—കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ, കേന്ദ്രസർക്കാരിനാൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിലെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന് അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

15. **റദ്ദാക്കലും ഒഴിവാക്കലും.**—(1) സ്പെഷ്യൽ കോടതി (ഈടുപത്രങ്ങളിലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ വിചാരണ ചെയ്യൽ) ഓർഡിനൻസ്, 1992 (1992-ലെ 10-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും ആ ഓർഡിനൻസിന്റെ കീഴിൽ ചെയ്യപ്പെട്ട എന്തെങ്കിലുമോ എടുക്കപ്പെട്ട ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്യപ്പെട്ടിട്ടുള്ളതോ എടുക്കപ്പെട്ടിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാണ്.